LIBRARY ARCHIVES Kerala Legislative Assembly

എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി

116 (5816) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൻ. ലക്ഷം വീട് നവീകരണ പദ്ധതിയുടെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 2008-09 വർഷം 4103 വീടുകൾ പുനർനിർമ്മിക്കുന്നതിന് 11,58,50,000 രൂപയും 2009-10 വർഷത്തിൽ 3424 വീടുകൾ പുനർനിർമ്മിക്കുന്നതിന് 12,35,55,000 രൂപയും 2010-11 വർഷത്തിൽ ഇതുവരെ 1415 വീടുകൾ പുനർനിർമ്മിക്കുന്നതിന് 5,27,75,500 രൂപയും സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 5240 വീടുകളുടെ പണികൾ ആരംഭിക്കുകയും 2657 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2007-08-ൽ 17 കോടി രൂപയും 2008-09-ൽ 5 കോടി രൂപയും 2009-10-ൽ 15 കോടി രൂപയും 2010-11-ൽ 15 കോടി രൂപയും ബഡ്ജറ്റിലൂടെ അനുവദിച്ചിട്ടുണ്ട്. 2010-11-ൽ അനുവദിച്ച തുകയൊഴികെ ഇന്നേവരെ 37 കോടി രൂപ സർക്കാർ അനുവദിച്ചതിൽ 29,21,80,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2010-11 വർഷത്തിൽ 13500 വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും 2011-12 വർഷത്തോടെ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പൂർത്തീകരിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ലക്ഷം വീട് കോളനികൾക്ക് റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിച്ചു കൊടുക്കാൻ നടപടി

117 (5817) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലക്ഷം വീട് കോളനികൾ നവീകരിക്കുന്നതിന് സർക്കാർ നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ലക്ഷം വീട് കോളനികളിൽ റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിച്ചേരാത്ത ഏതെങ്കിലും കോളനികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവയ്ക്ക് എന്നത്തേക്ക് ഇവ എത്തിക്കുമെന്ന് വ്യക്തമാക്കുമോ ?